മലപ്പുറം നഗരസഭ


പതിനാലാം പഞ്ചവത്സര പദ്ധതി 2022-27
നവകേരളത്തിന് ജനകീയാസൂത്രണം

അധികാരം ജനങ്ങളിലേക്ക്

വാർഷിക പദ്ധതി 2026 - 27

അന്തിമ പദ്ധതി രേഖ




പൂക്കോട്ടൂർ
പഞ്ചായത്ത്
കോഴിക്കോട്
മോറയൂർ
പഞ്ചായത്ത്
ആനക്കയം
പഞ്ചായത്ത്
ഊരകം
പഞ്ചായത്ത്
മഞ്ചേരി
പരപ്പനങ്ങാടി
ഒതുക്കുങ്ങൽ
ഒതുക്കുങ്ങൽ
പഞ്ചായത്ത്
കൂട്ടിലങ്ങാടി
പഞ്ചായത്ത്
തിരൂർ
പാലക്കാട്
പൊന്മള
പഞ്ചായത്ത്
കോഡൂർ
പഞ്ചായത്ത്
കുറുവ
പഞ്ചായത്ത്
N
INDEX
National Highway
State/ Pwd Road
Municipal Road
Ward Boundary
Major Junctions
PS-14 Polling Stations
Municipal Office
Schools
College
Bus Station / Bay
Police Station
Civil Station
MSP Cantonment Area
S.W Treatment Plant
Masjid
Temple
Church
Kottakkunnu Hilltop
Industries
Hospitals
River
Canal
Fire Station
Stadium
Ward Number
A



ആമുഖം

ബഹുമാന്യരെ

പ്രകൃതിയുടെ കരവിരുത് ആവോളം ആവാഹിച്ചെടുത്ത് ശിരസ്സുയർത്തി നിൽക്കുന്ന ചെറുകുന്നുകളുടെയും, പച്ചപരവതാനി വിരിച്ച പാടശേഖരങ്ങളുടെയും മടിത്തട്ടിൽ തലചായ്ച്ചുറങ്ങുന്ന കൊച്ചു പട്ടണം. ഇതിന് അലങ്കാരമായി വെള്ളിയരഞ്ഞാണംപോലെ ചുറ്റിലും ശാന്തമായി ഒഴുകുന്ന കടലുണ്ടിപ്പുഴ. ധീരതയുടെയും ഒരുമയുടെയും ഉറവ വറ്റാത്ത പരസ്പര സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും പച്ചയായ മനുഷ്യസ്നേഹികളുടെ വാസസ്ഥലം അതാണ് മലപ്പുറം നഗരസഭാ പ്രദേശം.

ഒട്ടനവധി വീരേതിഹാസങ്ങൾക്ക് സാക്ഷ്യം വഹിച്ച് അടിമത്തത്തിന്റെ ചങ്ങല പൊട്ടിക്കാൻ ലോക ശക്തികളായിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്ത്വത്തിനെതിരെ ദേശ സ്നേഹത്തിന്റെ ആയുധമേന്തി പറങ്കിപ്പടയെപോലും വിസ്മയിപ്പിച്ച് ചെഞ്ചോര ചിന്തിയ ദേശാ ഭിമാനികളുടെ നാടാണ് മലപ്പുറം. തസ്ബീയും, രുദ്രാക്ഷവും, കൊന്തയുംകൊണ്ട് തീർത്ത ജബമാല കയ്യിലേന്തി ഒരുമയുടെ മണിമാളിക തീർത്ത ജനത. ഇവിടെ ജതി, വർണ്ണ, വർഗ്ഗങ്ങൾക്ക് തരംതിരിവില്ല. ഈ ഒത്തൊരുമയുടെ ശക്തികൊണ്ട് തന്നെ നിവധി സംഘർഷങ്ങൾ ഒഴിവാക്കാനും കേവലം മൂന്നാം ഗ്രേഡ് പഞ്ചായത്തെന്ന നിലയിൽ നിന്ന് 1970 ഏപ്രിൽ ഒന്നാം തിയ്യതി സി ഗ്രേഡ് മുനിസിപ്പാലിറ്റിയായി പ്രവർത്തനം ആരംഭിച്ച നഗരസഭക്ക് ദേശീയ പ്രാധാന്യമുള്ള നിരലധി പദ്ധതികൾ ആവിഷ്ക്കരിക്കാനും നടപ്പിലാക്കി വിജയിപ്പിക്കാനും സാധിച്ചു. അവയിൽ ചിലതൊക്കെ പറയാതെ വയ്യ. നാലായിരത്തോളം വയോജനങ്ങളുടെ ഉല്ലാസയാത്ര, ഉന്നതവിദ്യാഭ്യാസത്തിന് വഴിതുറക്കുന്ന ഇന്ത്യയിലെ പ്രമുഖ യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ നേടാൻ സഹായിച്ച മിഷൻ തൗസന്റ്, തുല്യതാ പഠിതാക്കളുടെ ഫീസും പഠനോപകരണങ്ങളുടെ ചിലവും വഹിക്കുന്ന ഫീസ് ഫ്രീ നഗരസഭാ തുടങ്ങി ഒട്ടേറെ പദ്ധതികൾ ജനശ്രദ്ധ നേടി. 5 കോടി രൂപ വിദ്യാഭ്യാസ മേഖലയിൽ തതന്നെ ചിലവഴിക്കുകയുണ്ടായി. നഗരസഭയിലെ മുഴുവൻ വിദ്യാലയങ്ങളും ഭൗതിക സൗകര്യത്തിൽ ഏറെ മുന്നിലായി. മരാമത്ത് മേഖലയിലും ജനശ്രദ്ധ നേടിയ പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചു.

2026-27 വർഷം വളരെയേറെ പുതുമയുള്ള പദ്ധതികളാണ് ജനഹിതമനുസരിച്ച് ആവിഷ്കരിച്ചിട്ടുള്ളത്. കാൽപന്തുകളുടെ നാടായ മലപ്പുറത്ത് ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ സ്റ്റേഡിയത്തിന്റെ അഭാവം ഏറെയായിരുന്നു. നിരവധി അറിയപ്പെടുന്ന താരങ്ങളെ സൃഷ്ടിച്ച മലപ്പുറത്ത് സാക്ഷാൽ മലപ്പുറം പി. മൊയ്തീൻകുട്ടിയുടെ നാട്ടിൽ കാൽപന്തുരുളാൻ കുറ്റമറ്റരു മൈതാനം സ്വപ്നം കണ്ടവരുടെ സ്വപ്ന സാക്ഷാത്കാരത്തിന്റെ പൂർത്തീകരണമായി പ്രമുഖ ഇറ്റാലിയൻ ഫുട്ബോൾ മാന്ത്രികനായ ലൂക്കോ കൊറോണയുമായി ചെയർപേഴ്സൺ ചർച്ച നടത്തുകയും വളരെ അനുകൂലമായ പിന്തുണ വാഗ്ദാനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ തനത് വർഷം ഒരു ഇന്റർ നാഷണൽ സ്പോർട്ട് അക്കാദമി സ്ഥാപിക്കാൻ വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.

വനിതകൾക്കും വിദ്യാർത്ഥികൾക്കും മാത്രമായി കെ.എസ്.ആർ.ടി.സിയുടെ സഹകരണത്തോടെ ആവിഷ്ക്കരിച്ച ഷീ ബസ്സ്, സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി വനിതകളാൽ പ്രവർത്തിക്കുന്ന ചെറുകിട-വ്യവസായ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഷീ ടവർ, പി.എസ്.സി റസിഡൻഷ്യൽ കോച്ചിംഗ് സെന്റർ, കലാകാരൻമാർക്കും മറ്റും ഒത്തുചേരാനുള്ള ഇടം എന്നിവയും തനത് വർഷത്തെ ആകർഷകങ്ങളായ പദ്ധതികളിൽ ചിലത് മാത്രമാണ്. കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഈ വർഷത്തെ പദ്ധതികളും നമുക്ക് വിജയിപ്പിക്കാനാവുമെന്ന് പ്രത്യേശിക്കാം. ഏവരുടെയും സഹകരണവും പിന്തുണയും പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ

(ഒപ്പ്)

അഡ്വ. റിനിഷ

ചെയർപേഴ്സൺ

മലപ്പുറം നഗരസഭ

മലപ്പുറം

02.03.2026

ഉള്ളടക്കം

അദ്ധ്യായം-	1	തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതിവിശേഷം
അദ്ധ്യായം-	2	മുൻ വാർഷിക പദ്ധതി വിലയിരുത്തൽ
അദ്ധ്യായം-	3	പ്രശ്ന വിശകലവനും, പ്രശ്ന പരിഹാര സാധ്യതകളും
അദ്ധ്യായം-	4	വികസന കാഴ്ച്ചപ്പാട്, തന്ത്രം, നയസമീപനം
അദ്ധ്യായം-	5	പ്രതീക്ഷിത വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും
അദ്ധ്യായം-	6	പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും
അദ്ധ്യായം-	7	പ്രത്യേക പദ്ധതികൾ/ പരിപാടികൾ
അദ്ധ്യായം-	8	വായ്പാ ബന്ധങ്ങൾ
അദ്ധ്യായം-	9	സംയോജന സാധ്യതകളും സമഗ്ര പരിപാടികളും
അദ്ധ്യായം-	10	മോണിറ്ററിംഗ് സംവിധാനങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി വിശേഷം

പൊതു വിവരങ്ങൾ

സ്ഥാപിതം	- 1970 ഏപ്രിൽ 1
ഗ്രേഡ്	- ഫസ്റ്റ്
നഗരസഭയിൽ ഉൾപ്പെടുന്ന വില്ലേജുകൾ	- മലപ്പുറം, മേൽമുറി, പാണക്കാട്
താലൂക്ക്	- ഏറനാട്
ജില്ല	- മലപ്പുറം
ലോക്സഭാമണ്ഡലം	- മലപ്പുറം
വിസ്തീർണ്ണം	- 33.6.ച.കീ.മി
വാർഡുകൾ	- 45

ജനസംഖ്യ

സ്ത്രീ	- 35112
പുരുഷൻ	- 32976
ആകെ	- 68088

പട്ടികജാതി

സ്ത്രീ	- 1483
പുരുഷൻ	- 1424
ആകെ	- 2907

പട്ടികവർഗ്ഗം	- ഇല്ല

അതിരുകൾ

കിഴക്ക്	- കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്	- ഊരകം ഗ്രാമപഞ്ചായത്ത്
തെക്ക്	- കുറുവ, കോഡൂർ ഗ്രാമപഞ്ചായത്തുകൾ
വടക്ക്	-പൂക്കോട്ടൂർ,ആനക്കയംഗ്രാമപഞ്ചായത്തുകൾ

ഭരണസമിതി



അഡ്വ . റിനിഷ
ചെയർപേഴ്സൺ



ജിതേഷ് ജി അനിൽ
വൈസ്ചെയർപേഴ്സൺ



മറിയുമ്മ ശെരീഫ് കെ
ചെയർപേഴ്സൺ,
വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



പരി അബ്ദുൽ മജീദ്
ചെയർപേഴ്സൺ,
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



നാണത്ത് സമീറ മുസ്തഫ
ചെയർപേഴ്സൺ,
ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



ഹാരിസ് ആമിയൻ
ചെയർപേഴ്സൺ,
പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



ആബിദ എട്ടുവീട്ടിൽ
ചെയർപേഴ്സൺ,
വിദ്യാഭ്യാസ കലാ കായിക കാര്യ
സ്റ്റാന്റിംഗ് കമ്മിറ്റി

വാർഡ് കൗൺസിലർമാർ



വാർഡ് 1
പി. സൈഫുന്നീസ ലത്തീഫ്



വാർഡ് 2
പി.എം. ഉമ്മർ



വാർഡ് 3
എ പി ശിഹാബ്



വാർഡ് 4
സികെ റഫീഖ്



വാർഡ് 5
ശൈലജ കെ



വാർഡ് 6
രാശിര സുനിൽകുമാർ



വാർഡ് 7
തഹ്സീന ഷക്കാഫ്



വാർഡ് 8
നൗഫൽ കെ പി



വാർഡ് 9
സദ്ദാദ് കാമ്പ്ര



വാർഡ്10
ബാലകൃഷ്ണൻ കെ



വാർഡ് 11
അനിൽകുമാർ എം കെ



വാർഡ് 12
ഗീത മോഹൻ കെ വി



വാർഡ് 14
അബ്ദുൽ റഷീദ് കെ



വാർഡ് 15
നൗഷാദ് മുരിങ്ങേക്കൽ



വാർഡ് 17
നജ്മ സബീർ പി.എസ്.എ



വാർഡ് 18
നാരായണൻ പാച്ചത്ത്



വാർഡ് 19
യമുന കെ



വാർഡ് 20
സബ്ന എം.പി



വാർഡ് 22
റഹിയ നൗഷാദ്



വാർഡ് 23
ബുഷ്റ സക്കീർ



വാർഡ് 24
സി ടി ഹർഷദ്



വാർഡ് 25
സലീന ജാസ്മിൻ എം



വാർഡ് 26
റുക്സാന അൻസാർ ബാബു



വാർഡ് 27
പി.കെ സബ്ന ഉബൈദ്



വാർഡ് 28
സഫീർ ഉലുവാൻ



വാർഡ് 29
സമദ് സീമാടൻ



വാർഡ് 30
ഷഹാന ഷെറിൻ എം ടി



വാർഡ് 31
സജ്ന നജ്മുദ്ധീൻ



വാർഡ് 32
മുസ്തഫ വക്കേവീട്ടിൽ



വാർഡ് 33
ഷിറീൻ ഇർഫാൻ



വാർഡ് 34
റസീന ഹക്കിം



വാർഡ് 36
സഹൽ സ്രാമ്പിക്കൽ



വാർഡ് 39
ഉമ്മർ കെ.കെ




വാർഡ് 40
കെ സിദ്ധീഖ്



വാർഡ് 42
സി കെ ഷിഹാർ



വാർഡ് 43
സുഹാദ മുസ്തഫ



വാർഡ് 44
ജംഷീന സിദ്ധീഖ്



വാർഡ് 45
മൻസൂർ ബാവ

ഭരണ നിർവ്വഹണം



സുധീർ കെ

- മുനിസിപ്പൽ സെക്രട്ടറി



പ്രജിത പി

- മുനിസിപ്പൽ എഞ്ചിനീയർ (I/C)



മധുസൂധനൻ കെ

- ക്ലീൻ സിറ്റി മാനേജർ



അബ്ബുസ്സലാം എം

- സുപ്രണ്ട് ജനറൽ



എ എസ് ഷിബു അഹമ്മദ്

- സുപ്രണ്ട് ആസൂത്രണം



മുജീബ് റഹ്മാൻ പി

- റവന്യൂ ഇൻസ്പെക്ടർ

പ്ലാൻ ക്ലർക്ക്



അബ്ബുൽ ഹമീദ് കെ

- ജനന മരണ രജിസ്ട്രാർ

കോ–ഓർഡിനേറ്റർ & ആർ.പി



ശ്രീ. മൻസൂർ



ശ്രീ. സി.എ. റസാക്ക് മാസ്റ്റർ

മലപ്പുറം നഗരസഭ 2025-30
വാർഡ് കൗൺസിലർമാരുടെ വിവരങ്ങൾ

വാർഡ് നം.	വാർഡിന്റെ പേര്	കൗൺസിലറുടെ പേര്	ഫോൺ നം.
1	ന്യൂറേങ്ങൽമുക്ക്	പി സൈഫുന്നീസ ലത്തീഫ്	9744482234
2	വടക്കേപുറം	പി എം ഉമ്മർ	8113999170
3	ചെറുപറമ്പ്	എ പി ശിഹാബ്	9633606232
4	കള്ളാടിമുക്ക്	സി കെ റഫീഖ്	9447112559
5	മച്ചിങ്ങൽ	ശൈലജ കെ	7994707740
6	ചോലക്കൽ	രാശിര സുനിൽകുമാർ	9496242225
7	ഹോമിയോ ഹോസ്പിറ്റൽ	തഹ്സീന ഷക്കാഫ്	9562565468
8	കാട്ടുങ്ങൽ	നൗഫൽ കെ പി	9961297010
9	ഗവ.കോളേജ്	സദ്ദാദ് കാമ്പ്ര	8606491111
10	മുണ്ടുപറമ്പ്	ബാലകൃഷ്ണൻ കെ	7907976191
11	കരുവാള	അനിൽ കുമാർ എം കെ	9746511555
12	മൂന്നാംപടി	ഗീത മോഹൻ കെ വി	9995019153
13	കാവുങ്ങൽ	ജിതേഷ് ജി അനിൽ	7012773453
14	കാളമ്പാടി	അബ്ദുൽ റഷീദ് കെ	9961211675
15	മണ്ണാർകുണ്ട്	നൗഷാദ് മുരിങ്ങേക്കൽ	9847421010
16	താമരക്കുഴി	ഹാരിസ് ആമിയൻ	9447516248
17	കോട്ടക്കുന്ന്	നജ്മ സബീർ PSA	7994151572
18	ചെറാട്ടുകുഴി	നാരായണൻ പാച്ചത്ത്	9947860293
19	കോട്ടപ്പടി	യമുന കെ	9562451408
20	സിവിൽ സ്റ്റേഷൻ	സബ്ന എം പി	7025720737
21	ചെമ്മങ്കടവ്	ആബിദ എട്ടുവീട്ടിൽ	9249337203

22	ചീനിത്തോട്	റഹിയ നൗഷാദ്	9510783964
23	മൈലപ്പുറം	ബുഷ്റ സക്കീർ	9947842563
24	വലിയവരമ്പ്	സി ടി ഹർഷദ്	8129690201
25	വലിയങ്ങാടി	സലീന ജാസ്മിൻ എം	9961161019
26	കിഴക്കേത്തല	റുക്സാന അൻസാർ ബാബു	9747727328
27	വാറങ്കോട്	പി കെ സബ്ന ഉബൈദ്	6282442727
28	പൈത്തിനിപറമ്പ്	സഫീർ ഉലുവാൻ	9947697978
29	അധികാരിത്തൊടി	സമദ് സീമാടൻ	9746667464
30	പാമ്പാട്	ഷഹാന ഷെറിൻ എം ടി	9656559503
31	ഹാജിയാർപള്ളി	സജ്ന നജ്മുദ്ദീൻ	9746849191
32	കൈനോട്	മുസ്തഫവടക്കേ വീട്ടിൽ	9847708080
33	മുതുവത്ത്പ്പറമ്പ്	ഷിറീൻ ഇർഫാൻ	9656346245
34	കോൽമണ്ണ	റസീന ഹക്കീം	9895903947
35	സ്പിന്നിംഗ് മിൽ	മറിയുമ്മ ശെരീഫ് കെ	99955235700
36	പട്ടർകടവ്	സഹൽ സ്രാമ്പിക്കൽ	9809894667
37	പാണക്കാട്	പരി അബ്ദുൽ മജീദ്	9288000066
38	കാരാപ്പറമ്പ്	Adv. റിനിഷ വി	9946645060
39	ഇൻകെൽ സിറ്റി	ഉമ്മർ കെ കെ	9847922243
40	പെരുംമ്പറമ്പ്	കെ സിദ്ദീഖ്	9747380767
41	ചീരങ്ങൽ മുക്ക്	നാണത്ത് സമീറ മുസ്തഫ	9544000313
42	കോണോംപാറ	സി കെ ഷിഹാർ	9037929059
43	ആലത്തൂർ പടി	സുഹാദ മുസ്തഫ	9633049053
44	പൊടിയാട്	ജംഷീന സിദ്ദീഖ്	9633833603
45	പടിഞ്ഞാറേമുക്ക്	മൻസൂർ ബാവ	9605286378

അദ്ധ്യായം - 1

തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതിവിശേഷം

ഇന്ത്യയിൽ ദ്രുതഗതിയിൽ നഗരവൽക്കരിക്കപ്പെടുന്ന നഗരങ്ങളിൽ പെട്ടതാണ് നമ്മുടെ കൊച്ചു നഗരമായ മലപ്പുറവും. കേവലം മൂന്നാം ഗ്രേഡ് പഞ്ചായത്തത് പദവിയിൽ നിന്നാണ് 1970 ഏപ്രിൽ ഒന്നാം തിയ്യതിയാണ് നഗരസഭാ പദവിയിലേക്ക് ഉയർത്തപ്പെട്ടത്. സമീപ പ്രദേശത്തെ പഞ്ചായത്തുകളേക്കാളും ശോചനീയമായിരുന്നു മലപ്പുറം. സ്വന്തമായി ഒരു ഓഫീസ് കെട്ടിടം പോലും ഉണ്ടായിരുന്നില്ല. നിരവധി ചരിത്ര മുഹൂർത്തങ്ങൾക്ക് സാക്ഷിയായ മലപ്പുറത്തിന് ജില്ലാ ആസ്ഥാജനം എന്ന നിലക്ക് മാത്രമാണ് നഗരസഭാ പദവി ലഭ്യമായത്. പുതിയ ഒരു യുഗത്തിലേക്ക് ഉറ്റുനേക്കിയ നഗരസഭക്ക് ജനകീയാസൂത്രണ പ്രസ്ഥാനം വലിയൊരു ഉത്തേജനമാണ് നൽകിയത്. ഇഴപിരിയാതെയുള്ള കൂട്ടായ്മയിലൂടെയും പരിശ്രമത്തിലൂടെയുമുള്ള കുതിപ്പ് അതിവേഗത്തിലായിരുന്നു. ആകെയുള്ള റോഡുകളുടെ നീളം 30 കിലോമീറ്ററിൽ നിന്ന് ഇന്ന് 266.115 ൽ എത്തി നിൽക്കുകയാണ്. സമസ്ത മേഖലകളിലും ഈ മാറ്റവും കുതിപ്പും നമുക്ക് ദർശിക്കാജനാവും എങ്കിലും ഈമേഖലയിൽ ഇനിയും ആവശ്യങ്ങൾ ഏറെയാണ്. പരിഷ്കൃത സമൂഹത്തിഡനെ സംബന്ധിച്ചടുത്തോളം സഞ്ചാര യോഗ്യമായ റോഡുകൾ അനിവാര്യമാണ്.

ജനസംഖ്യ

ഒരു രാഷ്ട്രത്തിന്റെ ഏറ്റവും വലിയ സമ്പത്ത് എന്നത് ആരോഗ്യമുള്ള യുവതയാണ്. ആരോഗ്യമുള്ള ജനത രാഷ്ട്രത്തിന്റെയും പ്രദേശത്തിന്റെയും പുരോഗതി നിർണ്ണയിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നു. 2011 ലെ സെൻസസ് പ്രകാരം മലപ്പുറം നഗരസഭയിൽ 68088 ആണ് ജനസംഖ്യ. ജന സാന്ദ്രതയുടെ കാര്യത്തിൽ ജില്ലയിലെ മറ്റു നഗരങ്ങളെക്കാൾ മലപ്പുറം നഗരസഭ മുന്നിലാണ്. മലപ്പുറം നഗരസഭയുടെ സ്ത്രീ പുരുഷാനുപാതം 1000:1041 ആണ്. മലപ്പുറം നഗരസഭയിൽ പട്ടികജാതി വിഭാഗക്കാരുടെ അനുപാതം ജില്ലാ ശരാശരിയേക്കാളും വളരെ കുറവാണ്.

നിരവധി ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യംവഹിച്ച പ്രദേശമാണ് മലപ്പുറം. മഹത്തായ നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായുള്ള ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ സിരാ കേന്ദ്രമായിരുന്നു മലപ്പുറം. വൈദേശികാധിപത്യത്തിനെതിരെ ദേശ സ്നേഹം മാത്രം കൈമുതലാക്കി ചെഞ്ചോര ചിന്തിയ ധീര യോദ്ധാക്കളുടെ നാടാണ് മലപ്പുറം. ആധുനിക യുദ്ധോപകരണങ്ങളുമായി വന്ന ബ്രിട്ടീഷുകാരോട് വീട്ടുപകരണങ്ങളും മറ്റും കൊണ്ട് നേരിട്ട് വിരേതിഹാസം രചിച്ച് രക്തസാക്ഷികളായവരുടെ പിൻമുറക്കാരാണ് ഇന്നെത്തെ മലപ്പുറം ജനത. 2011 ലെ സെൻസസിന് ശേഷം ആകെ ജനസംഖ്യ 15 വർഷം പിന്നിടുമ്പോൾ ഒരുലക്ഷത്തിനുമുകളിലായിരിക്കുമെന്നതിൽ സംശയമില്ല.

സാമൂഹിക സാംസ്കാരിക സാമ്പത്തിക സ്ഥിതി.

കൊളോണിസത്തോട് വളരെയേറെ അകൽച്ചയും പോരുത്തക്കേടുമുള്ള ജനതയായിരുന്നു മലപ്പുറത്തുകാർ. തങ്ങളുടെ രാജ്യത്തെ ജനങ്ങളെ തമ്മിലടിപ്പിച്ച് ശിഥിലമാക്കാനുള്ള ഗൂഢതന്ത്രം തിരിച്ചറിയുകയും സ്വാതന്ത്ര്യത്തിന് വേണ്ടി ജീവൻ ത്യാഗം ചെയ്യാൻ പോലും മടികാണിക്കാത്ത പോരാട്ട വീര്യമുള്ള ജനക്കൂട്ടത്തിന് മുന്നിൽ പറങ്കിപ്പടപോലും നിഷ്ക്രിയരായിട്ടുണ്ട്.

സാംസ്കാരികമായി വളരെ സമ്പന്നമായിരുന്ന ജനത നിരവധ്ധി പണ്ഡിതൻമാരുടെയും കവികളു

ടെയും കളിത്തൊട്ടിലായിരുന്ന മലപ്പുറം ജില്ലയുടെ പെരുമ മലപ്പുറത്തെ ജനസഞ്ചയത്തെയും സ്വാധീനിച്ചിരുന്നു എന്നതിൽ തർക്കമില്ല. വിവിധ ഉത്സവങ്ങൾ അരങ്ങേറുമ്പോൾ അവ പരസ്പരം വിശ്വാസവും സാഹോദര്യവും കൂട്ടായ്മയും ഊട്ടിയുറപ്പിക്കാൻ സഹായിച്ചിരുന്നു. കാർഷിക മേഖലയായ മലപ്പുറം നഗരസഭാ പ്രദേശത്തെ മുഖ്യ തൊഴിൽ കാർഷിക വൃത്തിയും അതിലൂടെ ലഭിക്കുന്ന ഉൽപ്പനങ്ങളുമായിരുന്നു മുഖ്യ സാമ്പത്തിക സ്രോതസ്സ്. എന്നാൽ പോകെ പോകെ ഉൽപ്പാദന ചിലവ് കൂടുകയും ഉൽപ്പന്നങ്ങളുടെ വിലക്കുറവും വിപണിയിലെ മത്സരവും മണ്ണിനെ സ്നേഹിച്ച മനുഷ്യ മനസ്സിനെ മരവിപ്പിച്ചു. അവരെല്ലാം മെല്ലെ മെല്ലെ പൊൻ വിളയും ഗൾഫ് നാടുകളിലേക്ക് ചേക്കേറി. ഇത് അവരുടെ ജീവിതത്തിലും മാറ്റം വരുത്തി.

അധിനിവേശക്കാരോടുള്ള വിയോജിപ്പ് കാരണം ഭൗതി വിദ്യാഭ്യാസത്തിൽ നിന്നും വിട്ട് നിന്നവർ തങ്ങളുടെ മക്കളെയെങ്കിലും വിദ്യാസമ്പത്തരാക്കണമെന്ന് പ്രതിജ്ഞയെടുത്തു.

നഗരവൽക്കരണ പക്രിയ ത്വരിതഗതിയിൽ പുരോഗമിക്കുന്ന രാജ്യത്തെ പട്ടണങ്ങളുടെ കൂട്ടത്തിൽ മലപ്പുറം പട്ടണത്തിനും സ്ഥാനം ലഭിച്ചിട്ടുണ്ട്. എന്നാൽ ഗൾഫ് പൊലിമ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വർത്തമാന കാലത്ത് സമ്പൽ വ്യവസ്ഥയെ പിടിച്ച് നിർത്താൻ കൂട്ടായ ചിന്തകളും നിർദ്ദേശങ്ങളും കർമ്മ പരിപാടികളും കണ്ടെത്തേണ്ടതായിട്ടുണ്ട്.

ഭൂമിശാസ്ത്രപരവും പാരിസ്ഥിതിക സവിശേഷതകളും

ഭൂമിശാസ്ത്രപരമായി പേര് സൂചിപ്പിക്കുന്ന പോലെ ചുറ്റിലും ചെറു കുന്നുകളായി ചുറ്റുപ്പെട്ട് കിടക്കുന്ന പ്രദേശമാണ് മലപ്പുറം നഗരസഭാ പ്രദേശം. കടലുണ്ടിപ്പുഴ നഗരസഭാ പ്രദേശത്തെ വലയം ചെയ്ത് ഒഴുകിക്കൊണ്ടിരിക്കുന്നു. ഗ്രാമത്തനിമയിൽ നിന്ന് നഗര വൽക്കരണത്തിലേക്കുള്ള പ്രയാണത്തിൽ പാരിസ്ഥിതി പ്രശ്നങ്ങളും നമ്മെ പിന്തുടരാൻ തുടങ്ങി. കുന്നുകൾക്കിടയിലെ സമതലങ്ങളിൽ തഴച്ച് വളർത്തിനുന്ന നെൽ വയലുകളും പച്ചക്കറികളും മനംകവർന്നിരുന്നു. ഇന്ന് വയലുകൾ നികത്തപ്പെട്ടിരിക്കുന്നു. ധാരാളം ടുറിസ്റ്റുകളെ ആകർഷിക്കുന്ന കോട്ടക്കുന്ന് മനോഹരിതക്ക് മാറ്റ് കൂട്ടുന്നു. എന്നാൽ നിലവിലെ അവസ്ഥയിൽ നിന്നനും കോട്ടക്കുന്നിനെ മോടിപ്പിടിപ്പിക്കാനെന്നവണ്ണം മൊട്ടക്കുന്നകൾ നിരത്തുകയും വൃക്ഷങ്ങളും മറ്റും വെട്ടിമാറ്റിയതും കുന്നിൻ ചെരുവുകളിൽ പോലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് പ്രദേശത്തിന് തന്നെ ആഘാതമായിട്ടുണ്ട്. ആയതിന്ന് തളിവാണ് അടുത്തകാലത്തുണ്ടായ ഉരുൾ പൊട്ടൽ. ഇത് പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഹേതുവായിട്ടുണ്ട്.

നഗരത്തിന്റെ പ്രധാനപ്പെട്ട ഭൂ പ്രദേശം (കോട്ടപ്പടി) മുതൽ കാവുങ്ങൽ വരെയുള്ള മുഖ്യ തെരുവോരം കേന്ദ്ര - സംസ്ഥാന മറ്റു പ്രത്യേകത സംഘങ്ങളുടെ കൈവശമാണ്. ഇത് നമ്മുടെ കൊച്ചു പട്ടണത്തെ സൗന്ദര്യവൽക്കരിക്കുന്നതിനും ആസുത്രിത ഗതാഗത വികസനത്തിനും വിഘാതം സൃഷ്ടിച്ചിട്ടുണ്ടെന്ന് പറയാം.

പൊതുവെ കാർഷിക മേഖലയായ മലപ്പുറം നഗരസഭാ പ്രദേശത്ത് കടലുണ്ടി പുഴയുടെ സമതലങ്ങളെ ആശ്രയിച്ചാണ് കൃഷിയും മറ്റും നടത്തിയിരുന്നത്. വീർപ്പമുട്ടുന്ന നഗരം വികസനത്തിനായി പിന്നീട് പുതിയ നിർമ്മിതിക്കായി കണ്ടെത്തിത്തുടങ്ങി.

പ്രകൃതിപരമായിതന്നെ പേരു സൂചിപ്പിക്കുന്നപോലെ മലകളാൽ ചുറ്റപ്പെട്ട പ്രദേശമാണ് മലപ്പുറം. കോട്ടക്കുന്ന്, പൈത്തിനി പറമ്പ്, മാമ്പറമ്പ്, ഊരകം മല, ഇത്തിൾ പറമ്പ് എന്നീ മലകളെ ചുറ്റി കടലുണ്ടിപ്പുഴ ഒരു അരഞ്ഞാണുപോലെ ചുറ്റിയൊഴുകുന്നു. ഏക ജല സ്രോതസ്സായ പുഴയുടെതന്നെ സമതലങ്ങളിൽ മുൻപ് ധാരാളം കൃഷി വിളകൾ ഉൽപ്പാദിപ്പിച്ചിരുന്നു. തെക്കൻ ജില്ലകളിലേക്ക് അന്ന് കപ്പ, മത്തൻ, കുമ്പളം, വെറ്റില, വെള്ളരി എന്നിവ കയറ്റി അയച്ചിരുന്നു.

വിവിധ മേഖലകളിലെ ഇന്നത്തെ അവസ്ഥയും, പ്രശ്നങ്ങളും വെല്ലുവിളികളും

കൃഷി അനുബന്ധ മേഖല

നേരത്തെ പ്രതിപാദിച്ച പോലെ മലപ്പുറം യഥാർത്ഥത്തിൽ ഒരു കാർഷിക മേഖലയായിരുന്നു. തേങ്ങ, അടക്ക, വെറ്റില, പച്ചക്കറികൾ, കപ്പ, കുരുമുളക്, കളുവണ്ടി എന്നിവ സമീപ പ്രദേശത്തെ പട്ടണമായ കോഴിക്കോട്ടേക്ക് ടാറിടാത്ത റോഡുകളിൽ കൂടി കാളവണ്ടികളിൽ കയറ്റി സംഗീതം പൊഴിച്ച് നിരനിര യായി പോകുന്ന കാഴ്ച്ച വളരെ മനോഹരമായിരുന്നു. കാളകളുടെ കഴുത്തിലെ മണികളുടെ ശബ്ദവും, വണ്ടിയുടെ ചക്രത്തിൽ ഘടിപ്പിച്ച കിലുക്കവും, ഇടക്കിടക്കുള്ള ചാട്ടവാറടിയും തെളിക്കുന്ന ആൾ മൂളുന്നു മൂളിപ്പാട്ടും, വണ്ടിയുടെ പിൻവശത്തിരുന്ന് വണ്ടിയുടെ യാത്രക്കനുസരിച്ച് ആടിക്കളിക്കുന്ന ഉടമസ്ഥനും എല്ലാം കൂടി സമ്മിശ്ര സംഗീത ധ്വനികളുയർത്തിയിരുന്നു. പൊതുസമൂഹത്തിന് ഇപ്പോഴും കാർഷിക മേഖലയോടുള്ള സമീപനത്തിൽ മാറ്റം വന്നിട്ടില്ല. എന്നിരുന്നാലും കുടുംബശ്രീ മുഖേനയും മറ്റു നടന്നു വരുന്ന പ്രവർത്തനങ്ങൾ വളരെ ശ്രദ്ധേയമാണ്.

ഇപ്പോൾ കാളവണ്ടിയില്ല, കർഷകരില്ല, കർഷകനു പകരം അന്യനാട്ടുകാരായ തൊഴിലാളികൾ. നമ്മുടെ വയലുകളിലെ കപ്പക്കും കമ്പത്തിനും പകരം കൽത്തൂണുകൾ ഉയർത്തുന്നു. കലർപ്പില്ലാത്ത പച്ചക്കറികൾ തിന്നിരുന്ന നാം ഇപ്പോൾ അന്യ സംസ്ഥാനങ്ങളിൽ നിന്ന് ലഭിക്കുന്ന വിഷാംശം കലർന്ന പച്ചക്കറികൾ കഴിച്ച് നിത്യ രോഗികളായി മാറുന്നു.

തനത് വർഷവും ഹൈബ്രിഡ് പച്ചക്കറി വിത്ത് തൈ വിതരണം 2 ലക്ഷം രൂപ, സ്കൂളുകളിൽ പച്ച ക്കറി 1 ലക്ഷം എന്നിവ വകയിരുത്തിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1. വയലുകൾ നികത്തൽ
2. കൃഷിയോടുള്ള വിമുഖത
3. തൊഴിലാളികളുടെ അഭാവം
4. ഉൽപ്പാദന ചെലവിലെ വർദ്ധനവ്
5. സമൂഹത്തിൽ കർഷകന്റെ സ്ഥാനം
6. ശാസ്ത്രീയ രീതിയുടെ അജ്ഞത
7. ചെലവും, അറ്റാദായവും തമ്മിലുള്ള അന്തരം
8 വിപണി കണ്ടെത്താനുള്ള ബദ്ധപ്പാട്

വെല്ലുവിളികൾ

1 വിപണിയിലെ മത്സരം

2 ഉൽപ്പാദന മേഖലയെ പ്രോത്സാഹിപ്പിക്കാനുതകുന്ന പദ്ധതികൾ ആസൂത്രം ചെയ്യേണ്ടിയിരിക്കുന്നു.

3. ജോലിക്കൊത്ത വരുമാനം ലഭ്യമല്ല.

4 വളർന്നുവരുന്ന തലമുറക്ക് കാർഷിക വൃത്തിയിലുള്ള താൽപര്യക്കുറവ്.

തനത് വർഷം പൂ കൃഷി നടപ്പാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

മൃഗസംരക്ഷണവും ക്ഷീര വികസനവും

കാർഷിക രംഗംപോലെ തന്നെ മൃഗസംരക്ഷണ മേഖലയും നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. നഗരവൽക്കരണം ഈ മേഖലയിലും ബാധിച്ചിട്ടുണ്ട്. കാലികളെ വളർത്താനും അവക്ക് മേഞ്ഞ് നടക്കാനുമുള്ള സ്ഥലങ്ങളില്ലാത്തതും, തീറ്റ നൽകുന്നതിനുള്ള അമിതമായ യചെലവ്, മാനസികമായ അകൽച്ച എന്നിവ ഈ രംഗത്തെ പ്രശ്നങ്ങളാണ്. എങ്കിലും വർഷംതോറും പദ്ധതിയിൽ ഉൾപ്പെടുത്തി മുട്ടക്കോഴി വിതരണം, കാലിത്തീറ്റ വിതരണം എന്നിവ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയെങ്കിലും മുട്ടയുൽപ്പാദനത്തിലോ പാലുൽപ്പാദനത്തിലോ ഉദ്ദേശിച്ച നേട്ടം കൈവരിക്കാനായിട്ടില്ല. ഗ്രാമാന്തരീക്ഷത്തിൽ നിന്നും നഗര വൽക്കരണത്തിലേക്ക് മാറിയ മലപ്പുറം നഗരസഭാ പ്രദേശത്ത് ആട്മാടുകളെ വളർത്തുന്നത് ശ്രമകരമായ ജോലിയാണ്. എങ്കിലും വിവിധ പദ്ധതികൾ മുഖേന ചിലർക്കെങ്കിലും ജീവിതമാർഗ്ഗം നൽകാനും പൂർണ്ണതോതിലല്ലെങ്കിലും ഈ രംഗത്ത് വനികസനത്തിന്റെ പാത തുറക്കാനും കഴിഞ്ഞിട്ടുണ്ട്. നഗരസഭയിൽ ആകെയുള്ളത് മേൽമുറിയിലെ ഒരു ക്ഷീരോൽപ്പാദന സംഘമാണ്. തനത് വർഷം പണ്ണാട് വിതരണത്തിന് തുക വകയിരുത്തിയിട്ടുണ്ട്

മലപ്പുറം നഗരസഭയിലുന്നോളം മേൽമുറിയിൽ പ്രവർത്തിക്കുന്ന ഒരേയൊരു പാലുൽപ്പാദന സംഘമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ മേഖലയിൽ ഇനിയും സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

ആധുനിക രീതികൾ അവലംഭിച്ച് ഈ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ ശ്രമിക്കാവുന്നതാണ്. ക്ഷീര വകുപ്പിന്റെ സഹകരണത്തോടെ പല പദ്ധതികളും നടപ്പാക്കാൻ കഴിയുന്നതാണ്.

ചെറുകിട വ്യവസായം

ചെറുകിട വ്യവസായ രംഗത്ത് മലപ്പുറം നഗരസഭക്ക് കാര്യമായ മുന്നേറ്റം നടത്താൻ കഴിഞ്ഞിട്ടില്ല. സാധാരണക്കാരെ സംബന്ധിച്ച് സ്വയം തൊഴിൽ യൂണിറ്റുകൾ സ്ഥാപിക്കാൻ നഗരസഭ സഹായം അനുവദിച്ചാൽ പോലും ബാങ്കുകളുടെ കർശന നിയമങ്ങൾ കാരണം സംരംഭകർ പിൻമാറുന്ന കാഴ്ച്ചയാണ് കാണുന്നത്.

സ്കൂൾ കുട്ടികളുടെ വെക്കേഷൻ സമയം ഉപയോഗപ്പെടുത്തി കുട നിർമ്മാണം, പുസ്തക നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. ഒരു വഴി കിട്ടിയാൽ സ്വയംതൊഴിൽ മേഖല പരിചയപ്പെടുത്താനും പഠനത്തോടൊപ്പം സമ്പാദ്യം വരുന്ന ആശയം നടപ്പിലാക്കാനും പരിശീലനം ആരംഭിക്കേണ്ടിയിരിക്കുന്നു.

മലപ്പുറത്തെ കാർഷിക വിളകളായ തേങ്ങ, കശുവണ്ടി, അടക്ക എന്നിവ ഉപയോഗിച്ച് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ, വിശേഷിച്ചും ഗൾഫ് നാടുകളിൽ ജോലി സാധ്യത മങ്ങുന്നവരുടെ കാലഘട്ടത്തിൽ പ്രത്യേക ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. എന്നാൽ നിലവിലെ നിയമത്തിലെ വ്യവസ്ഥകൾ ഒട്ടുമിക്ക സംരംഭകരെയും നിരാശപ്പെടുത്തുന്നു എന്നത് ഖേദകരമാണ്. 2018-19 വർഷത്തിൽ ആവിഷ്കരിച്ച കുട നിർമ്മാണ പരിശീലനം, പോപ്കോൺ നിർമ്മാണ യൂണിറ്റ്, പാഴ് വസ്തുക്കൾ ഉപയോഗിച്ച് തുണിസഞ്ചി എന്നിവ സ്വയം തൊഴിൽ രംഗത്ത് മാറ്റമുണ്ടാക്കാൻ പോകുന്ന പദ്ധതികളാണ്.

ദാരിദ്ര്യ ലഘൂകരണം

സ്ത്രീകളുടെ സാമ്പത്തിക നേട്ടം കുടുംബ ബജറ്റിനെ സ്വാധീനിക്കുന്നു. സ്ത്രീകൾ മൈക്രോ യൂണിറ്റുകൾ സ്ഥാപിക്കാൻ ധനസഹായം നൽകൽ, അവർക്ക് വിപണന കേന്ദ്രം നഗരസഭാ തലത്തിൽ സ്ഥാപിക്കൽ, നൂതനാശയങ്ങൾ അയൽക്കൂട്ടങ്ങൾ വഴി വീട്ടമ്മമാരുൾപ്പെടെയുള്ളവരെ പരിചയപ്പെടുത്തി ഇതിലേക്കാകർഷിക്കുക എന്നത് തന്ത്രപരമായി ഈ മേഖലയെ പരിപോഷിപ്പിക്കാൻ സഹായകമാണ്.

നേരിടുന്ന പ്രശ്നങ്ങൾ

1 സ്വയംതൊഴിൽ വഴി ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനായി വിപണന കേന്ദ്രങ്ങൾ അപര്യാപ്തമാണ്.

2 ബാങ്കുകൾ അടക്കമുള്ള ധനകാര്യ സ്ഥാപനങ്ങളുടെ കർശന നിലപാടുകൾ സ്ത്രീകളെ, സ്ഥാപനങ്ങളും യൂണിറ്റുകളും ആരംഭിക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നു.

3 വേലക്കൊത്ത കൂലി കുറവ്

4 ലോക ജനസംഖ്യയിൽ 921 മില്യൺ ജനങ്ങൾ ഇന്നും പട്ടിണിയിലാണ് എന്നത് ഇന്ന് ചോദ്യചിന്നമായി നിലകൊള്ളുന്നു.

മലപ്പുറം നഗരസഭയിൽ 2004 ലെ കണക്ക് പ്രകാരം 6212 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയായിരുന്നു. നഗസഭയുടെ ശക്തമായ ഇടപെടൽ മൂലം വിവിധ പദ്ധതികളിൽ കൂടി (എൻ.യു.എൽ.എം, കുടുംബശ്രീ) ആകെ അതിദരിദ്രരുടെ എണ്ണം 148 ൽ എത്തിക്കാൻ കഴിഞ്ഞു എന്നത് ചെറിയ കാര്യമല്ല.

വാർഷിക പദ്ധതികൾ, കുടുംബശ്രീയുടെ ശക്തമായ ഇടപെടൽ, ദേശീയ ചേരി വികസന പദ്ധതി, എസ്.ജെ.എസ്.ആർ,വൈ , ഐ.എച്ച്.എസ്.ഡി.പി, വാംബെ, സ്വയം തൊഴിൽ പദ്ധതികൾ എന്നിവയുടെ പ്രവർത്തനങ്ങളെ സംയോജിപ്പിച്ച് കൊണ്ട് ഈ രംഗത്ത് ആശാവഹമായ നേട്ടമാണ് മലപ്പുറം നഗരസഭ കൈവരിച്ചത്. ഇതിൽ 184 ഫ്ളാറ്റുകൾ (IHSDP) , കുടുംബശ്രീയുടെ 40 ഗ്രൂപ്പ് സംരംഭങ്ങൾ വാംബെ പ്രകാരമുള്ള 427 വീടുകൾ, 29 സ്വയം തൊഴിൽ ഗ്രൂപ്പുകൾ, വാർഷിക പദ്ധതി, GWSP പ്രകാരമുള്ള 10 യൂണിറ്റുകൾ എന്നിവ ഉൾപ്പെടുന്നു. ദാരിദ്ര്യം പൂർണ്ണമായി തുടച്ചു നീക്കുക എന്നത് അതിസാഹസികമായ ഒരു പക്രിയയാണ്. എങ്കിലും മേൽ വിവരിച്ച വൈവിധ്യാങ്ങളായ പദ്ധതികളിൽകൂടി നഗരസഭയിൽ 920 സ്ത്രീകളും അതുവഴി 42 കുടുംബങ്ങളും ഉപജീവനം നടത്തി വരുന്നുണ്ട്. 2018 -19 ആവിഷ്കരിച്ച വർഷം NULM മുഖേന ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കൾക്ക് വിപണന കേന്ദ്രം നിർമ്മിച്ചു. അതുവഴി ഈ രംഗത്ത് വലിയ മാറ്റം ഉണ്ടാക്കി. തനത് വർഷം 400 വീടുകൾക്ക് വീട് റിപ്പയറിന് ധനസഹായം വകയിരുത്തിയിട്ടുണ്ട്.

സാമൂഹ്യ ക്ഷേമം

250 കോടി ചെലവഴിച്ച് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്ന ഷെൽട്ടർ ഹോം ഉദ്ഘാടനത്തിന് സജ്ജമായിട്ടുണ്ട്.

സാമൂഹ്യ ക്ഷേമ രംഗത്ത് പോയ വർഷങ്ങളിൽ നിരവധി പദ്ധതികളും പ്രവർത്തനങ്ങളും മലപ്പുറം നഗരസഭ നടപ്പിലാക്കിയിട്ടുണ്ട്. 2011 നെ അടിസ്ഥാനപ്പെടുത്തി ആറുമാസം മുതൽ മൂന്ന് വയസ്സ് വരെ പ്രായത്തിലുള്ള 4037 കുട്ടികളും, മൂന്ന് വയസ്സ് വരെ പ്രായമുള്ള 3990 കുട്ടികളും, 4619 കൗമാര പ്രായത്തിലുമുള്ള പെൺകുട്ടികളുമുണ്ട്. ഇവരിൽ 602 പേർ വിവിധ തരം വൈകല്യമുള്ള വ്യക്തികളാണ്.

നഗരസഭയുടെ കീഴിൽ 64 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. സ്വന്തമായി കെട്ടിടമുള്ള എല്ലാ അംഗൻവാടികളും വൈദ്യുതീകരിച്ചിട്ടുണ്ട്. അംഗൻവാടികളുടെ വൈദ്യുതി ചാർജ്ജും വെള്ളക്കരവും കാലാ കലങ്ങളിൽ നഗരസഭ ഒടുക്കിവരുന്നു. അതിൽ 42 അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കാ നായി. ബാക്കിയുള്ള 22 അംഗനവാടികൾക്കു കൂടി സ്ഥലം ലഭ്യമാകുന്ന മുറക്ക് സ്വന്തമായി കെട്ടിടം നിർമ്മി ക്കുന്നതാണ്. വിവിധ സാമൂഹ്യ ക്ഷേമ പെൻഷനുകളിലായി 6000 ത്തോളം ഗുണഭോക്താക്കൾ നഗര സഭയിലുണ്ട്. വാർഷിക പദ്ധതികളിലുൾപ്പെടുത്തി വർഷംതോറും ശാരീരിക മാനസിക വെല്ലുവിളി നേരി ടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും നൽകി വരുന്നുണ്ട്. തനത് വർഷം 45 ലക്ഷം ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. വർഷം തോറും പ്രത്യേക വാർഡ് സഭയും ഭിന്നശേഷിക്കാരുടെ കലോത്സവവും നട ത്തിവരുന്നു. കൂടാതെ 2023 മുതൽ ഡെകെയർ സെന്ററുകളിൽപോലും പാകാൻ കഴിയാത്ത ഭിന്നശേഷി ക്കാർക്ക് വർഷത്തിൽ 12000 രൂപ ലഭ്യമാക്കുന്ന പദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. തനത് വർഷം തന്നെ ആധുനിക സൗകര്യങ്ങളോടുകൂടിയ ഷെൽട്ടർ ഹോമിന്റെയും നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്.

നഗരസഭയുടെ കീഴിലുള്ള പേൾസ് ബഡ്സ് സ്കൂളിൽ എല്ലാവിധ ആധുനിക സൗകര്യങ്ങലും ഏർപ്പെ ടുത്തിയിട്ടുണ്ട്. ബഹു. മലപ്പുറം എം.എ.എ പി. ശ്രീ. ഉബൈദുള്ളയുടെ ആസ്തി വികസന ഫണ്ട് ഉപയോ ഗിച്ച് ബഡ്സ് സ്കൂളിന് ബസ്സ് ലഭ്യമാക്കിയിട്ടുണ്ട്. പൂർണ്ണമായും ശീഥീകരിച്ച ബഡ്സ് സ്കൂളിൽ പഠന ത്തോടൊപ്പം തൊഴിൽ പരിശീലനവും പരിചയപ്പെടുത്തുന്നു. പെനോയിൽ, വാഷിംഗ് ലിക്വിഡ് എന്നിവ യുടെ പാക്കിംഗ് പരിശീലിപ്പിച്ച് രക്ഷിതാക്കൾ വഴി വിൽപ്പന നടത്തുന്നതിന് പഠനത്തോടൊപ്പം തൊഴിൽ എന്ന സന്ദേശം കുട്ടികളിൽ എത്തിക്കാൻ സഹായിക്കുന്നു. തനത് വർഷവും കുട്ടികൾക്ക് ഉല്ലാസ യാത്ര, വയോജനങ്ങൾക്ക് ഉല്ലാസ യാത്ര എന്നീ പദ്ധതികൽക്ക് തുക വകയിരുത്തിയിട്ടുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

പോയ വർഷങ്ങളിൽ വനിതാ ശിശു മേഖലയിൽ ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയു ണ്ടായി. 14-ാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷമായ തനത് വർഷം മുൻ വർഷ പദ്ധതികൾ അവ ലോകനം ചെയ്യുകുയം പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിച്ച് നൂതന പദ്ധതികൾ ആവിഷ്ക്കരിക്കാനും തീരുമാനിച്ചിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിന് വലിയ പ്രാധാന്യം തന്നെയാണ് നഗരസഭ നൽകിയിട്ടുള്ള ത്. ഈ പാതയിൽ 2026-27 ൽ സ്ത്രീകൾക്ക് മാത്രമായി ഷീ ബസ്സ്, ഷീ ടവർ എന്നീ പദ്ധതികൾ ആവിഷ്ക്ക രിച്ചിട്ടുണ്ട്. ഷീ ബസ്സിന് ബഹു നഗരസഭാ ചെർപേഴ്സണന്റെ നിവേദനത്തെ തുടർന്ന് സംസ്ഥാന ഗതാഗത വകുപ്പ് മന്ത്രി ശ്രീ ഗണേഷ് കുമാർ പിങ്ക് ബസ്സുകൾ അനുവദിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. സ്ത്രീ ശാക്തീക രണം ലക്ഷ്യമാക്കി സ്ത്രീകൾക്ക് വേണ്ടി പുതിയൊരു ടവർ നിർമ്മിച്ച് സ്ത്രീകൾ പ്രവർത്തിക്കുന്ന വ്യാപാര ശൃഖല തന്നെ നിർമ്മിക്കാനാണ് ഷീ ടവർ വിഭാവനം ചെയ്തിട്ടുള്ളത്. 250 കോടി ചെലവഴിച്ച് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നിർമ്മാണം പൂർത്തിയാക്കാനിരിക്കുന്ന ഷീ സ്റ്റേ (വനിതാ ഹോസ്റ്റൽ) തനത് വർഷം തന്നെ പ്രവർത്തനം ആരംഭിക്കുകയാണ്. 2025-26 വർഷം ആവിഷ്ക്കരിച്ച നഗരസഭാ കോംപൗണ്ടിൽ വനിതാ വ്യവസായ കേന്ദ്രം സ്ഥാപിക്കാൻ 4825000 രൂപ വകയിരുത്തിയിട്ടുണ്ട്.

ഒരു സ്ത്രീ രക്ഷപ്പെട്ടാൽ ഒരു കുടുംബം രക്ഷപ്പെട്ടും എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ കുടുംബ ബജറ്റ് ഉയർത്തുന്നതിന് വേണ്ടി ഷീ ടാക്സി ലക്ഷ്യം വെച്ച് ഡ്രൈവിംഗ് പരിശീലനം, 2018-19 വർഷത്തിൽ നടപ്പിലാക്കിയ ഷീ സ്റ്റേ (വനിതാ ഹോസ്റ്റൽ) മിനി സേവാ കേന്ദ്രം സംസ്ഥാനത്തിന് തന്നെ മാതൃകയാണ്. ധീര് എന്ന പേരിൽ നടപ്പിലാക്കിയ വനിതകൾക്കായുള്ള യോഗ പരിശീലനം, തേജസ്വി എന്നപേരിൽ ആവി ഷ്കരിച്ച പദ്ധതിയും നഗരസഭയുടെ ചരിത്രത്തിൽ ശ്രദ്ധിക്കപ്പെട്ട പദ്ധതികളായി മാറി.

പട്ടികജാതി വികസനം

മുഴുവൻ ജനതയുടെയും വികസനം പൂർത്തീകരിക്കുമ്പോൾ മാത്രമേ ഒരു പ്രദേശത്തിന്റെയും, രാജ്യത്തിന്റെയും വികസന സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയുള്ളൂ. പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ സാമൂഹ്യ സാമ്പത്തിക ഉന്നതി കാംജക്ഷിച്ചുകൊണ്ട് തന്നെയാണ് മലപ്പുറം നഗരസഭയിൽ ഓരോ വർഷവും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 2026-27 ലും എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം, സ്കോളർഷിപ്പ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.
നഗരസഭയിൽ 21 കോളനികളാണുള്ളത്. ഒറ്റപ്പെട്ട് താമസിക്കുന്ന കുടംബങ്ങൽ 257 ഉം, കോളനികളിൽ 335 കുടുംബങ്ങളുമുണ്ട്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഒന്നാം വാർഡിൽ മുടിപ്പറമ്പ് കുടിവെള്ള പദ്ധതി തനത് വർഷം പൂർത്തീകരിക്കുന്നതാണ്.

സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായി സമൂഹത്തിന്റെ ഏറ്റവും പിന്നിൽ നിൽക്കുന്ന വിഭാഗക്കാരാണ് പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗം. ഈ വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി കേന്ദ്ര സംസ്ഥാന സർക്കാറുകൾ ബഹുമുഖ വികസന പദ്ധതികൾ നടപ്പാക്കി വരുന്നു. ഇവയുടെ പ്രധാന്യം കണക്കിലെടുത്ത് പട്ടികജാതി വർഗ്ഗ വികസന വകുപ്പുകൾ രൂപം കൊടുത്ത് വിവധ പദ്ധതികൾ നടപ്പാക്കി വരുന്നു. പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾ നഗരസഭയിലില്ല.

ശുചിത്വത്തിന്റെ കാര്യത്തിലും, കുടിവെള്ള ലഭ്യതയുടെ കാര്യത്തിലും പൂർണ്ണ കൈവരിക്കാൻ ഇപ്പോഴും നമ്മുടെ കോളനികൾക്കായിട്ടില്ല. ഇവക്ക് ഒരു പരിഹാരം കാണാൻ നഗരസഭ പരിശ്രമിച്ചുവരുന്നു. നഗരസഭയിൽ 25% പേർ മാത്രമെ സ്വയം വരുമാനമുള്ളവരായി പട്ടികജാതി വിഭാഗത്തിലുള്ളൂ. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഒരു ശരാശരി മികവ് പട്ടികജാതിക്കാർക്കിടയിലുണ്ട്. 2020-21 വർഷത്തിൽ 13354000 രൂപ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യം - ശുചിത്വം

ആരോഗ്യമാണ് ഏറ്റവും വലിയ സമ്പത്ത്. കേരളം ആരോഗ്യത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളെക്കാൾ മുന്നിലാണ്. ആയുർ ദൈർഘ്യത്തിന്റെ കാര്യത്തിൽ യൂറോപ്യൻ രാജ്യങ്ങൾക്ക് സമാനമാണ് കേരളം. വ്യക്തി ശുചിത്വത്തിന് നാം മുന്നിലാണെങ്കിലും, സാമൂഹ്യ ശുചിത്വത്തിൽ നാം വളരെ പിന്നിലാണ്. നിപ, കോവിഡ്, പക്ഷിപ്പനി എന്നീ രോഗങ്ങളെ നാം ഒറ്റക്കെട്ടായി നേരിട്ട് ഖ്യാതി നേടിയിട്ടുണ്ട്. ആയുർദൈർഘ്യത്തിന്റെ കാര്യത്തിലും നാം മുന്നിലാണ്. വ്യക്തി ശുചിത്വത്തിൽ നാം ഏറെ മുന്നിലാണെങ്കിലും സാമൂഹ്യ ശുചിത്വത്തിൽ അത്രതന്നെ മുന്നിലല്ല എന്നത് നാം വിസ്മരിക്കുന്നില്ല.

മാലിന്യ മുക്ത കേരളം പദ്ധതിയുടമായി മലപ്പുറം ജില്ലയിലും പ്രത്യേകിച്ച് മലപ്പുറം നഗരസഭാ പ്രദേശത്തും സർക്കാർ ആശുപത്രികളുടെ എണ്ണം കുറവാണ്. മഹാനായ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ്തങ്ങളുടെ നാമധേയത്തിലുള്ള ജനറൽ ആശുപത്രി മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയായി ഉയർത്തിയത് മാത്രമാണ്

ആരോഗ്യ രംഗത്ത് എടുത്തു പറയാനാവുന്ന നേട്ടം. നഗരസഭാ പ്രദേശത്താവട്ടെ ദിനേന വരുന്ന പാവപ്പെട്ട രോഗികളുടെ ഏക ആശ്രയം സി.എച്ച്.സി ഗ്രേഡിലുള്ള മലപ്പുറം താലൂക്ക് ആശുപത്രിയാണ്.

ഇപ്പോൾ ഐ.പി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് ഇല്ലാത്തതുകൊണ്ട് സമീപ പ്രദേശത്ത് നിന്നും വരുന്ന ധാരാളം രോഗികൾ വിഷമത്തിലാണ്. ആശുപത്രിയിൽ കിടത്തി ചികിത്സ നിർത്തിവെച്ചിരിക്കുകയാണ്. ഒ.പി വിഭാഗം ടൗൺഹാളിലേക്ക് മാറ്റാനുള്ള ശ്രമം നഗരസഭ നടത്തി വരികയാണ്. കേന്ദ്ര സർക്കാരിന്റെ സഹായത്താൽ പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് 9.95 കോടി രൂപ നഗരസഭക്ക് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണം പൂർത്തീകരിച്ചാൽ മലപ്പുറത്തെ സമീപ പ്രദേശത്തെയും സാധാരണക്കാരായ രോഗികൾക്ക് വലിയൊരു ആശ്വാസമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഇല്ലായ്മക്കിടയിലും സ്ഥലം എം.എൽ.എയുടെയും നഗരസഭയുടെയും പരിശ്രമം കൊണ്ട് പുതിയ മെറ്റേർണിറ്റി ബ്ലോക്ക് പ്രവർത്തനം ആരംഭിക്കാനും, എം.എൽ.എ ഫണ്ടിൽ നിന്ന് ആശുപത്രിക്ക് ഒരു ജനറേറ്റർ ലഭിച്ചതും എം.എൽ.എ ഫണ്ടിൽ നിന്ന് ഒരു കോടി രൂപ ആശുപത്രി വികസത്തിന് അനുവദിച്ച് പുതിയ ഒ.പി. ബ്ലോക്ക് ആരംഭിച്ചത് ആശ്വാസകരമാണ്. തനത് വർഷവും മരുന്ന് വാങ്ങുന്നതിന് 1000000 രൂപയും, ഹോമിയോ ആശുപത്രിക്ക് 100000 രൂപയും, ആയുർവ്വേദത്തിന് 900000 രൂപയും പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം ശ്ലാഘനീയമാണ്. ഹരിത കർമ്മസേനയിൽ ഇപ്പോൾ 58 പേർ ജോലി ചെയ്യുന്നു. പൊതുജനങ്ങളുടെ നിസ്സീമമായ സഹകരണം കൊണ്ട് മാത്രമേ നമ്മുടെ നഗരം വൃത്തിയായി സൂക്ഷിക്കാൻ നമുക്ക് കഴിയൂ. എങ്കിലും ജില്ലയിലെ മറ്റു നഗരങ്ങളെ അപേക്ഷിച്ച് ജില്ലാ ആസ്ഥാനമായ മലപ്പുറം ടൗൺ അടക്കമുള്ള പ്രദേശം വൃത്തിയുടെ കാര്യത്തിൽ ഭദമാണെന്ന് പറയാതെ വയ്യ. ആതുരാലയങ്ങളുടെ കാര്യത്തിൽ മലപ്പുറം നഗരസഭ പ്രദേശം ഇന്നും പിന്നിലാണ്. ജില്ലാ ആസ്ഥാനമായ മലപ്പുറത്തിന്റെ പ്രൗഢിക്കനുസരിച്ചുള്ള ഒരു സർക്കാർ ആശുപത്രി ലഭിച്ചിട്ടില്ല. നിലവിലുള്ള ബ്ലോക്കാശുപത്രിയിൽ നിന്ന്സാധാരണക്കാർ വിളിക്കുന്ന താലൂക്ക് ആശുപത്രിയും സ്കാനിംഗ് സൗകര്യമോ മേജർ ഓപ്പറേഷൻ സൗകര്യമോ ഇല്ല. മഹാനായ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ സ്മാരക ജനറൽ ആശുപത്രി മഞ്ചേരി മെഡിക്കൽ കോളേജാക്കി മാറ്റിയതതാണ് മലപ്പുറത്തുകാർക്കുള്ള ഏക ആശ്രയം. ഈ ആശുപത്രിയിലും ഒരു മെഡിക്കൽ കോളേജ് ആശുപത്രിക്ക് വേണ്ട സൗകര്യങ്ങൾ ഇല്ല എന്ന് പറയാം. എങ്കിലും ശ്രീ ഉബൈദുള്ള എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മിച്ച് പുതിയ ഒ.പിയും നഗരസഭാ പ്രദേശത്തെയും ചുറ്റുമുള്ള പഞ്ചായത്തുകളിലെ ജനങ്ങൾക്കും വളരെയേറെ പ്രയോജനപ്രദമായിട്ടുണ്ട്. ഇപ്പോൾ കേന്ദ്ര സർക്കാരിന് ലഭ്യമായ 9.95 കോടി രുപ ചെലവിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ആശുപത്രി കെട്ടിടം പൂർത്തിയായാൽ നമ്മുടെ ബലാരിഷടതക്ക് ഒട്ടാകെ ശമനമാകുമെന്ന് നമുക്ക് പ്രത്യാളിക്കാം.

വിദ്യാഭ്യാസം - കല - സംസ്കാരം - കായിക വികസനം, യുവജന ക്ഷേമം

ഒരു സമൂഹത്തിന്റെ കതലായ മാറ്റത്തിനും വ്യക്തിപരമായ വളർച്ചക്കും സ്വാധീനം ചെലുത്തുന്ന ഘടകമാണ്. വിദ്യാഭ്യാസം. ദേശ സ്നേഹം അങ്കുരിപ്പിക്കുന്നതിന്റെ ഭാഗമായി അധിനിവേശക്കാരുടെ ഭാഷയാഇംഗ്ലീഷിന് പൂർവ്വികർ എതിരായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസ രീതിയിൽ നിന്ന് ജന വിട്ടുനിന്നു. അറബി മലയാളമായിരുന്നനു ആശയവിനിമയത്തിനായി ഉപയോഗിച്ചിരുന്നത്. തൊഴിലന്വേഷകരായി ഗൾഫിലേക്ക് ചേക്കേറുകയും ചെയ്തപ്പോൾ വിദ്യാഭ്യാസത്തിന്റെ വിലയും നിലയും മനസ്സിലാക്കിയപ്പോൾ തന്റേതല്ലാതതായ കുറ്റത്തിന് കിട്ടാതെ പോയ ആധുനിക വിദ്യാഭ്യാസ രീതി സ്വന്തമാക്കാൻ അവർ ശ്രമിക്കുകയും തന്റെ മക്കൾക്കെങ്കിലും നല്ല വിദ്യാഭ്യാസം നൽകുവാൻ മുന്നോട്ടുവരികയും ചെയ്തു. .സ്വന്തമായി മാതൃഭാഷയിൽ ഒരു കത്ത് പോലും എഴുതാൻ കഴിയാത്തവർ സാക്ഷരതാ യജ്ഞത്തിലൂടെയും കുടുംബശ്രീയുടെ പ്രവർത്തനംമൂലവും ഈ രംഗത്ത് സമൂലമാറ്റമാണ് ഉണ്ടാക്കിയത്. തനത് വർഷം വിദ്യാഭ്യാസ രംഗത്ത് പല നൂതന പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

1. മുനിസിപ്പൽ ലാഗ്വേജ് അക്കാദമി (വിദേശ ഭാഷകളിൽ പരിശീലനം നൽകൽ)
2 പി.എസ്.സി റസിഡൻഷ്യൽ കോച്ചിംഗ് സ്ഥാപിക്കൽ
3. ആർട്ട്സ് അക്കാദമി (കുട്ടികൾക്ക് കലകളിൽ പരിശീലനം നൽകൽ)

4 കലാ പ്രതിഭകൾക്ക് ഒത്തുകൂടാനൊരിടം

നഗരസഭ കാലാകാലങ്ങളിൽ ഈ സ്ഥാപനത്തിന്റെ ഉന്നമനത്തിനായി സാമ്പത്തികമായും മറ്റും യത്നിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മലപ്പുറം എം.എൽ.എ. പി. ഉബൈദുള്ള സാഹിബിന്റെ പ്രാദേശിക വികസനഫണ്ടിൽ ഉൾപ്പെടുത്തി, നഗരസഭയുടെ കീഴിലുള്ള സി.എച്ച്. മുഹമ്മദ് കോയ വിദ്യാഭ്യാസ സമുച്ചയത്തിന്റെ വികസനത്തിനായി 1 കോടി രൂപ അനുവദിച്ചത് നന്ദിപൂർവ്വം സ്മരിക്കുകയാണ്. വരും കാലത്ത് ഈ വിദ്യാഭ്യാസ സമുച്ചയം ഒരുവടവൃക്ഷം പോലെ സമൂഹത്തിന് തണലേകുന്ന കേന്ദ്രമാക്കിതീർക്കാൻ നഗരസഭ പ്രതിജ്ഞാബദ്ധമാണ്. 2020-21 വർഷത്തിൽ 8,9,+1 ക്ലാസ്സുകളിലെ കുട്ടികളിൽ നിന്നും തെരഞ്ഞെടുക്കുന്നവർക്ക് സിവിൽസർവ്വീസ് പരിശീലനം നൽകിവരുന്നു. ഇതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡീസ് (ഐ.എ.എസ്) എന്ന ലേബലിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയുണ്ടായി അവ വിജയമായിരുന്നു.
പോയ വർഷത്തിൽ നഗരസഭാ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രദേശത്തെ വിദ്യാഭ്യാസ പുരോഗതിക്കായി വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുകയും മുന്നേറ്റം (പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്കായി പ്രത്യേക പരിശീലനം)പിൽക്കാലത്ത് 14 ശതമാനത്തിൽ നിന്നുള്ള എസ്.എസ്.എൽ.സി റിസൾട്ട് 95 വരെ എത്തിക്കുകയുണ്ടായി. നിലവിലെ ഭരണസമിതിയുടെ കാലത്ത് വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റമാണുണ്ടാക്കിയത്.

സംസ്ഥാന സർക്കാരിന്റെ ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തി ജി.ജി.എച്ച്.എസ്.എസ്., ജി.ബി.എച്ച്.എസ്.എസ് എന്നിവക്ക് 5 കോടി രൂപ ലഭിക്കുകയുണ്ടായി. കൂടാതെ ബഹു. മലപ്പുറം എം.എൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ജി.ബി.എച്ച്.എസ്.എസിന് 3 കോടി രൂപയും ലഭിക്കുകയുണ്ടായി. മേൽ പ്രസ്തുത ഫണ്ടുകൾ ഉപയോഗിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും ഈ രണ്ട് സ്ഥാപനങ്ങളുടെയും ഭൗതീക സൗകര്യം മെച്ചപ്പെടുത്താനും അതുവഴി ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകാനും സാധിച്ചു.

2025 - 26 വർഷത്തിൽ ജി.എം.യു.പി സ്കൂൾ സ്ഥലം, കെട്ടിടം എന്നിവക്ക് 1.30 കോടി, സ്കൂളുകളിൽ തുമ്പൂർമുഴി മാലിന്യപല്ലാന്റ് സ്ഥാപിക്കൽ 25 ലക്ഷം, എൽ.പി., യു.പി സ്കൂൾ വിദ്യാർത്ഥികൾക്ക് റോളർ സ്കൈറ്റിംഗ് പരിശീലനം 4 ലക്ഷം, ജി.ബി.എച്ച്.എസ്.എസിന് സ്മാർട്ട് ക്ലാസ്സ് റൂം 10 ലക്ഷം, മേൽമുറി സൗത്ത് ജി.എൽ.പി.എസ്സിന് കെട്ടിട പൂർത്തീകരണത്തിന് 20 ലക്ഷം, സ്കൂളുകളിൽ ഓപ്പൺ ജിം 20 ലക്ഷം, മേൽമുറി, പാണക്കാട് വില്ലേജുകളിൽ ഗ്രൗണ്ടിന് സ്ഥലമെടുപ്പ് 3 ലക്ഷവും വകയിരുത്തിയിട്ടുണ്ട്.
നഗരസഭക്ക് കീഴിൽ മഹാനായ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ സ്മാരക ലൈബ്രറി പ്രവർത്തിക്കുന്നു. ധാരാളം റഫറൻസ് പുസ്തകങ്ങൾ ലഭ്യമാണ് ഇവിടെ. അടുത്തകാലത്ത് പ്രസ്തുത ലൈബ്രറി കേന്ദ്രമാക്കി കേരള സർക്കാർ ഒരു മൈനോറിറ്റി കോച്ചിംഗ് സെന്റർ അനുവദിച്ച് പ്രവർത്തി നടന്നുവരുന്നു. ജി.ബി.എച്ച്.എസ്.എസ്, ജി.ജി.എച്ച്.എസ്.എസ് എന്നീ സ്കൂളുകളിൽ ഭൗതിക സൗകര്യം വർദ്ധിപ്പിച്ചു. എം.എൽ.എ. ഫണ്ടിൽ നിന്നും വകയിരുത്തി ഹൈടെക് സ്കൂൾ ആക്കാനുള്ള പ്രവർത്തനം നടന്നു വരുന്നു.

കായിക വികസനരംഗത്ത് നഗരസഭ പ്രത്യേക ശ്രദ്ധ പതിപ്പിക്കാറുണ്ട്. കഴിഞ്ഞ വർഷം വിദ്യാർത്ഥികൾക്ക് ആയോധന കലയിൽ പരിശീലനം നൽകുകയുണ്ടായി. അംഗീകൃത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ നൽകി. 2018-19 വർഷത്തിൽ ആസൂത്രണം ചെയ്ത വിദ്യാർത്ഥിനികൾക്കായുള്ള തൈകൊണ്ട പരിശീലനം വൻ വിജയമായിരുന്നു.

ഉന്നത വിദ്യാഭ്യാസ രംഗത്ത് മുൻകാലത്തെ അപേക്ഷിച്ച് വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായി എങ്കിലും അതിനനുസരിച്ച് സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. ഏക ആശ്രയം മലപ്പുറം ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ് ആണ്. മലപ്പുറത്ത് ഒരു വനിതാകോളേജ് പ്രവർത്തിച്ചു വരുന്നു. എന്നാൽ സ്വന്തം കെട്ടിടമില്ല. എന്നാൽ കെട്ടിടത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു

എന്നത് ആശാവഹമാണ്. ആധുനിക സാങ്കേതിക സ്ഥാപനങ്ങൾ ഇനിയും നഗരസഭാ പ്രദേശത്ത് അനുവദിക്കേണ്ടിയിരിക്കുന്നു.

ഫുട്ബോളിന്റെ മക്ക എന്നറിയപ്പെടുന്ന മലപ്പുറത്തുനിന്നും ധാരാളം സംസ്ഥാന,ദേശീയ താരങ്ങൾ ഉദയംകൊണ്ടിട്ടുണ്ട്. ഇന്റർനാഷണൽ മൊയ്തീൻകുട്ടി, MRC പോക്കർ, കൊറ്റൻ, സത്താർ, ചേക്കു, അസീസ്, മുഹമ്മദലി, കുട്ടിക്ക എന്നിവർ മലപ്പുറത്തിന്റെ യശസ്സുയർത്തിയവരിൽ ചിലർ മാത്രം. എന്നാൽ ഇവർ പന്തുരുട്ടിയ കോട്ടപ്പടി മൈതാനത്തിന് ശാപമോക്ഷം കിട്ടിയത് ഈ അടുത്തകാലത്താണ്. എന്നാലും അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയത്തിന്റെ അഭാവം ഇപ്പോഴും നിലനിൽക്കുന്നു. വിദ്യാർത്ഥിനികൾക്ക് തൈക്കൊണ്ട പരിശീലനം, +2, ഡിഗ്രി കുട്ടികൾക്ക് ഐ.എ.എസ് കോച്ചിംഗ്, സ്കൂൾ കുട്ടികൾക്ക് കലാ-കായിക പരിശീലനം, എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്.

കണക്കുകൾ രേഖകൾ തയ്യാറാക്കൽ സേവനം കാര്യക്ഷമമാക്കൽ (സദ്ഭരണം)

1970 ൽ രൂപീകൃതമായ നഗരസഭ ആദ്യം പ്രവർത്തിച്ചത് കോട്ടപ്പടി വാടക കെട്ടിടത്തിലായിരുന്നു. ബഹുമാനപ്പെട്ട ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി ചെയ്ർമാനും, അന്തരിച്ച ശ്രീ. തങ്കസ്വാമി കമ്മീഷണറുമായ 1978-85 കാലത്താണ് ഇന്നത്തെ കെട്ടിടത്തിലേക്ക് സഭയുടെ പ്രവർത്തനം മാറ്റിയത്. ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻപോലും സാമ്പത്തികമായും ബുദ്ധിമുട്ടിയിരുന്ന നഗരസഭ ജനകീയാസൂത്രണ പ്രവർത്തനത്തിന്റെയും നിരവധി കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ പിൻബലത്തോടും കൂടിയാണ് ഇന്നത്തെ നിലയിലെത്തിയത്. പൊതുജനങ്ങളുടെ സൗകര്യാർത്ഥം കെ സമാർട്ട് മലപ്പുറം നഗരസഭയിലും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ തനത് വർഷം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങളും പരാതികളും നൽകുന്നതിന് വേണ്ടി പുതിയ ആപ്ലിക്കേഷൻ സംവിധാനം ഏർപ്പെടുത്താൻ നഗരസഭ ഉദ്ദേശിക്കുന്നു.

കുടിവെള്ളം

മലപ്പുറം നഗരസഭയിലെ ഏക ജലസ്രോതസ്സ് കടലുണ്ടിപുഴയാണ്. ഇതിൽ ഓരോ വർഷവും ജലനിരപ്പ് താഴ്ന്നുകൊണ്ടിരിക്കുന്നു. ഇതിന് പരിഹാരമെന്നോണം നാമ്പ്രാണിയിൽ ചെക്ക് ഡാം നിർമ്മാണത്തിന് കേന്ദ്ര സഹായം ലഭിച്ചെങ്കിലും പ്രവൃത്തി പൂർത്തിയായിട്ടില്ല. രണ്ടാം ഘട്ടം 2026 മെയ് മാസത്തിൽ പൂർത്തീകരിക്കുമെന്ന് വാട്ടർ അതോറിറ്റി അറിയിട്ടുണ്ട്. എങ്കിലും വർദ്ധിച്ചുവരുന്ന നഗര വാസികളുടെ ജലവിനിയോഗം നിറവേറ്റുക എന്നത് കടലുണ്ടിപ്പുഴക്ക് താങ്ങാനാവുന്നതിലും അപ്പുറമാണ്. ഇതിന് ദീർഘ കാല അടിസ്ഥാനത്തിലുള്ള പദ്ധതികൾ അനിവാര്യമാണ്. കടലുണ്ടിപ്പുഴയിലെ ജലനിരപ്പ് ശാശ്വതമായി നിലനിർത്തുന്നതിന് ചാലിയാർ പുഴയുമായി ബന്ധിപ്പിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതിക്ക് രൂപം നൽകേണ്ടിയിരിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ജല വിനിയോഗത്തിൽ 26 ശതമാനത്തിന്റെ വർദ്ധവുണ്ടായിട്ടുണ്ട് എന്നത് ചിന്താവിഷയമാക്കേണ്ടതാണ്.

തനത് വർഷം കേന്ദ്രസർക്കാരിന്റെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 15 കോടി അനുവദിച്ചിട്ടുണ്ട്. വർഷങ്ങളായി തുരുമ്പ് പിടിച്ച് ജീർണ്ണാവസ്ഥയിലായ പഴയ പൈപ്പുകൾ മാറ്റുന്നതിനും കണക്ഷനുകൾ നൽകുന്നതിനുമുള്ള ഡി.പി.ആർ ആണ് അംഗീകരിച്ചിട്ടുള്ളത്. നഗര നിവാസികൾക്ക് ഇരുപത്തിനാല് മണിക്കൂറും ശുദ്ധജനം ഉറപ്പ് വരുത്തുന്നതിനുള്ള മുന്തിയ പരിഗണനയാണ് നഗരസഭ നൽകിയിട്ടുണ്ട്.

നഗരസഭയിലെ ഗാർഹിക ഗുണഭോക്താക്കളുടെ എണ്ണം 10532 ആണ്. ജലവിനിയോഗത്തിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ 26% ത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 50% കുടുംബങ്ങളും KWA പൈപ്പ്ലൈനിനെയാണ് ആശ്രയിക്കുന്നത്. കിണറുകളിൽ മിക്കതിലും വർഷം മുഴുവൻ ജലം ലഭിക്കാത്തതിനാൽ എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കണക്ഷനുകൾ നൽകുന്ന പദ്ധതിയാവിഷ്കരിച്ച സ്ഥിതിക്ക് സെപ്തംബർ മുതൽ പൊതുടാപ്പുകൾ നിർത്തലാക്കി വേനൽക്കാലത്ത് ശുദ്ധജലവിതരണത്തിന് പ്രത്യേക വാഹനങ്ങൾ ഏർപ്പെടുത്തി ശുദ്ധജലക്ഷാമം പരിഹരിക്കാറുണ്ട്. എങ്കിലും ഇത് ഒരു ശാശ്വത പരിഹാരമല്ല.

പൊതുമരാമത്ത്

ഒരു നാടിന്റെയും പ്രദേശത്തിന്റെയും വികസനത്തിന്റെ ആദ്യചുവടുവെപ്പാണ് റോഡുകളും പാലങ്ങളും. ഇതിൽ പുതിയ പാലങ്ങളുടേയും റോഡുകളുടേയും കെട്ടിടങ്ങളുടെയും നിർമ്മാണവും അവയുടെ പരിപാലനവും ഒരേസമയത്ത് നഗരസഭ നിർവ്വഹിക്കേണ്ടിയിരിക്കുന്നു. ഇവ കൂടാതെ വിട്ടുകിട്ടിയ സ്ഥാപനങ്ങളായ ആശുപത്രി, സ്കൂളുകൾ, അംഗൻവാടികൾ ഇവയുടെ അറ്റകുറ്റപ്പണികളും ഇപ്പോൾ നഗരസഭയുടെ ചുമതലയാണ്. വരുമാനത്തിന്റെ ഏകദേശം 40% തുക ഈ മേഖലയിൽ ചിലവഴിക്കുന്നു. പഞ്ചായത്തിൽനിന്നും നഗരസഭയിലേക്കുള്ള പരിവർത്തന ഘട്ടത്തിൽ ഏകദേശം 30 കിലോമീറ്റർ റോഡുകളാണ് ഉണ്ടായിരുന്നത്. 2024-25 വർഷത്തിൽ ഇത് 254.17 കി.മി ആണ്.

നിരവധി യാത്രക്കാർ നിത്യേന ബന്ധപ്പെടേണ്ട ജില്ലാ തലസ്ഥാനം മലപ്പുറം ആയത്കൊണ്ട് തന്നെ കുന്നുമ്മൽ, കോട്ടപ്പടി, കിഴക്കേതല, മുണ്ടുപറമ്പ് എന്നിവിടങ്ങളിൽ ആധുനിക രീതിയിലുള്ള കംഫർട്ട് സ്റ്റേഷനുകൾ അനിവാര്യമാണ്. ട്രാഫിക്കിന് ബുദ്ധിമുട്ടുണ്ടാവാത്ത വിധം ക്രമീകരിച്ചുകൊണ്ടുള്ള ഓട്ടോ ടാക്സി, പിക്കപ്പ് ലോറി സ്റ്റാന്റുകളും നിർമ്മിക്കേണ്ടതുണ്ട്. തനത് വർഷം ഡി.ടി.പി.സി ഓഫീസിന് സമീപം സ്പോൺസർഷിപ്പിലൂടെ ഒരു ക്ലോക്ക് ടവർ നിർമ്മിക്കേണ്ടിയിരിക്കുന്നു. നഗരസഭാ ബസ്സ്റ്റാന്റ് ഇന്നും നോക്കുകുത്തിയാക്കി ബസ്സുകൾ കടന്നു പോകുന്നു എന്നത് നഗരസഭാധികൃതരെയും പോതുജനങ്ങളെയും ആകുലപ്പെടുത്തുന്നു. ഇക്കാര്യത്തിൽ നഗരസഭാ അദ്ധ്യക്ഷ അഡ്വ. റിനിഷ ഗതാഗത വകുപ്പ് മന്ത്രി ശ്രീ ഗണേഷ് കുമാറിന് നേരിട്ട് നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ബസ്സുടമകളുമായി സമവായത്തിലെത്തി നിലവിലുള്ള ബസ്സ്റ്റാന്റിൽ ബസ്സുകൾ വന്നു പോകാൻ തീർപ്പാകുകയും ചെയ്തിട്ടുണ്ട്. ഇത് സ്ത്രീകൾ, കുട്ടികൾ, വിദ്യാർത്ഥികൾ എന്നിവർക്ക് വലിയ അനുഗ്രമാണ്.

പാർപ്പിടം

ജീവിക്കുന്ന മനുഷ്യനെ സംബന്ധിച്ചെടുത്തോളം വായുപോലെതന്നെ ഭക്ഷണവും വസ്ത്രവും ഭവനവും അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ മലപ്പുറം നഗരസഭ സംസ്ഥാനത്ത് മറ്റ് നഗരസഭയോട് തന്നെ മാതൃകയായി പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിൽ തന്നെ അന്തിയുറങ്ങാൻ ഒരിടം നൽകിയതിൽ ഏറ്റവും മുന്നിൽ മലപ്പുറം നഗരസഭയായിരുന്നു. വിവിധ പദ്ധതികളിൽ കൂടി ആകെ 3833 വീടുകൾ നൽകിയിട്ടുണ്ട്.

വാംബെ -	427
ശിഹാബ് തങ്ങൾ ഭവന പദ്ധതി	419
ഐ.എച്ച്.എസ്.ഡി.പി (1)	625
ഐ.എച്ച്.എസ്.ഡി.പി (2)	200
പി.എം.എ.വൈ (ലൈഫ്)	2162

കമ്മിറ്റികളും, പ്രവർത്തനകമ്മിറ്റികളും കൺവീനർമാരും

പ്രവർത്തന കമ്മിറ്റികൾ – സ്റ്റാന്റിംഗ് കമ്മിറ്റി ചുമതല, ചെയർപേഴ്സൺ, കൺവീനർ

ക്രമ നം.	മേൽ നോട്ട–നിയന്ത്രണ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി	രൂപീകരിക്കേണ്ട പ്രവർത്തന കമ്മിറ്റിയുടെ പേര്	കൺവീനർ
1	ധനകാര്യം	1. കണക്കുകൾ, രേഖകൾതയ്യാറാക്കൽ, ജനസേവനംകാര്യക്ഷമമാക്കൽ	സെക്രട്ടറി
2	വികസനം	1. കൃഷിയും അനുബന്ധ മേഖലകളും (മണ്ണ്–ജലസംരക്ഷണം, ജലസേചനം, പരിസ്ഥിതി, വനവത്ക്കരണം ഉൾപ്പെടെ)	കൃഷിവകുപ്പ് ഉദ്യോഗസ്ഥരിൽ നഗരസഭയുടെ നിയന്ത്രണത്തിലുള്ള സീനയർ ഉദ്യോഗസ്ഥൻ
		2. മൃഗസംരക്ഷണവും ക്ഷീരവികസനവും	വെറ്റിനറി സർജൻ/ സീനിയർ വെറ്റിനറിസർജൻ
		3. ചെറുകിട വ്യവസായം	വ്യവസായ വികസന ഓഫീസർ
3	ക്ഷേമകാര്യം	1. ദാരിദ്രലഘൂകരണം	പ്രോജക്ട് ഓഫീസർ, നഗര ദാരിദ്രലഘൂകരണ സെൽ
		2. സാമൂഹ്യക്ഷേമം (വൃദ്ധർ, ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെ)	അസി.ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ
		3. പട്ടികജാതി വികസനം	പട്ടികജാതി വികസന ഓഫീസർ
		4.സ്ത്രീകളുടേയും, കുട്ടികളുടേയും വികസനം	അസി.ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ
4	ആരോഗ്യം	1. ആരോഗ്യം, ശുചിത്വം (മാലിന്യപരിപാലനം ഉൾപ്പെടെ)	ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരിൽ മുനിസിപ്പാലിറ്റിയുടെ നിയന്ത്രണത്തിലുള്ള സീനിയർ ഡോക്ടർ
5	വിദ്യാഭ്യാസം	1.വിദ്യാഭ്യാസം, കല, സംസ്കാരം, കായിക വികസനം, യുവജനക്ഷേമം	ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൽ
6	പൊതുമരാമത്ത്	1. പൊതുമരാമത്ത് (ഊർജ്ജം, വൈദ്യുതി ഉൾപ്പെടെ)	മുനിസിപ്പൽ എഞ്ചിനീയർ
		2. പാർപ്പിടം	സി.ഡി.എസ് മെമ്പർ സെക്രട്ടറി (സീനിയർ)
		3. കുടിവെള്ളം	മുനിസിപ്പൽ എഞ്ചിനീയർ

മലപ്പുറം നഗരസഭ
വർക്കിംഗ് ഗ്രൂപ്പ് 2025-26

1. കണക്കുകൾ,രേഖകൾ തയ്യാറാക്കൽ, സ്ഭരണം

1	അഡ്വ.വി.റിനിഷ (ചെയർപേഴ്സൺ)	ചെയർമാൻ
2	ജിതേഷ് ജി അനിൽ (വൈസ് ചെയർമാൻ)	ഉപാധ്യക്ഷൻ
3	സുധീർ.കെ (നഗരസഭ സെക്രട്ടറി)	കൺവീനർ
4	നഗരസഭ സൂപ്രണ്ട് (ജനറൽ വിഭാഗം)	അംഗം
5	ഉമ്മർ കെ കെ (കൌൺസിലർ)	അംഗം
6	എം.വി.അനിൽകുമാർ (കൌൺസിലർ)	അംഗം
7	എ.ശ്രീധരൻ	അംഗം
8	ഷാഫി മൂഴിക്കൽ	അംഗം
9	അബ്ദുൽ ജലീൽ	അംഗം
10	പി കെ ബാവ	അംഗം
11	അബ്ദു യു പി	അംഗം
12	ജൌഹർ എം	അംഗം
13	മുഹമ്മദ് ഷഹൽ പി പി	അംഗം
14	സക്കരിയ എ പി	അംഗം
15	അൻസാർ ബാബു എൻ	അംഗം

2. കൃഷിയും അനുബന്ധ മേഖലയും

1	റഫീഖ് സി കെ (കൌൺസിലർ)	ചെയർമാൻ
2	സജ്ന നജ്മുദ്ദീൻ (കൌൺസിലർ)	ഉപാധ്യക്ഷൻ
3	കൃഷി ഓഫീസർ	കൺവീനർ
4	സഫീർ കെ (കൌൺസിലർ)	അംഗം
5	സോമസുന്ദരൻ കെ	അംഗം
6	സുഹൈൽ ഇ	അംഗം
7	മുഹമ്മദ് ഹാരിസ്	അംഗം
8	സി.പി ആയിശാബി കുണ്ടുകണ്ടൻ	അംഗം
9	കരടിക്കൽ ഖാദർ	അംഗം
10	ഇ.കെ.മൊയ്തീൻ	അംഗം
11	മുഹമ്മദ് ഫൈസൽ	അംഗം
12	മുഹമ്മദ് ശരീഫ് കോണോതൊടി	അംഗം
13	അഷ്റഫ് പനമ്പുല്ലൻ	അംഗം
14	സക്കീർ ഹുസൈൻ പി കെ	അംഗം
15	സൈതലവി	അംഗം

3. മൃഗ സംരക്ഷണവും ക്ഷീര വികസനവും

1	മുസ്തഫ വി വി (കൌൺസിലർ)	ചെയർമാൻ
2	പാച്ചത്ത് നാരായണൻ (കൌൺസിലർ)	ഉപാധ്യക്ഷൻ
3	സീനിയർ വെറ്റിനറി സർജൻ	കൺവീനർ
4	റസീന ഹക്കീം (കൌൺസിലർ)	അംഗം
5	നജ്മുദ്ധീൻ കെ	അംഗം
6	അബ്ദുസമദ് ടി	അംഗം
7	ബാബു പി എം	അംഗം
8	നൂറുദ്ദീൻ എ പി	അംഗം
9	മഹമൂദ് കോതേങ്ങൽ	അംഗം
10	സമീർ പൂളക്കണ്ണി	അംഗം
11	റഹ്മത്തുള്ള പി കെ	അംഗം
12	ശിഹാബ് തൈക്കണ്ടി	അംഗം
13	ഇബ്രാഹിം മാഷ് എം	അംഗം
14	സൈതലവി എൻ കെ	അംഗം
15	മുസ്തഫ എൻ കെ	അംഗം

4. പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം)

1	ഹർഷദ് സി ടി (കൌൺസിലർ)	ചെയർമാൻ
2	സലീന ജാസ്മിൻ (കൌൺസിലർ)	ഉപാധ്യക്ഷൻ
3	വ്യവസായ വികസന ഓഫീസർ	കൺവീനർ
4	ഹംസ പി എ	അംഗം
5	അജ്മൽ പി എ	അംഗം
6	സി.എച്ച്.നൌഷാദ്	അംഗം
7	നജീബ് സി എച്ച്	അംഗം
8	വി വി ഹക്കീം	അംഗം
9	അമീറലി കാടേരി	അംഗം
10	മുസ്തഫ എൻ കെ	അംഗം
11	കല്ലുവളപ്പിൽ ആശ	അംഗം
12	സഹീർ സി കെ	അംഗം
13	അബ്ദുറസാഖ്	അംഗം
14	ഇർഷാദ്	അംഗം
15	സലാം മുരിങ്ങേക്കൽ	അംഗം

5. ദാരിദ്ര്യ ലഘൂകരണം

1	അബ്ദുൾ റഷീദ് കൂരി (കൌൺസിലർ)	ചെയർമാൻ
2	രാഷിര സുനിൽ (കൌൺസിലർ)	ഉപാധ്യക്ഷൻ
3	മെമ്പർ സെക്രട്ടറി, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് 2)	കൺവീനർ
4	ജംഷീന തൂമ്പത്ത് (കൌൺസിലർ)	അംഗം
5	അനിൽ നടുവത്ത്കളത്തിൽ	അംഗം
6	അബ്ദുറഹ്മാൻ അരിക്കത്ത്	അംഗം
7	അഷ്റഫ് പി കെ	അംഗം
8	പി കെ ഹക്കീം	അംഗം
9	വാളൻ റസാഖ്	അംഗം
10	യൂസുഫ് കപ്പൂര്	അംഗം
11	സുഹൈൽ പറമ്പൻ	അംഗം
12	ഹംസ കാടേരി	അംഗം
13	ഉമറുൽ ഗദ്ദാഫി	അംഗം
14	ഷബീബുദ്ധീൻ	അംഗം
15	അബ്ദുഷ മുനീർ പി കെ	അംഗം

6. സാമൂഹ്യ ക്ഷേമം

1	സൈഫുന്നീസ ലത്തീഫ് (കൌൺസിലർ)	ചെയർമാൻ
2	നൌഷാദ് മുരിങ്ങേക്കൽ (കൌൺസിലർ)	ഉപാധ്യക്ഷൻ
3	ഐ.സി.ഡി.എസ് സൂപ്പർ വൈസർ	കൺവീനർ
4	തഹ്സിന സക്കാഫ് (കൌൺസിലർ)	അംഗം
5	ഷുക്കൂർ മാട്ടുമ്മൽ	അംഗം
6	മജീദ് മുസ്ലിയാർ	അംഗം
7	സി പി സാദിഖ്	അംഗം
8	സലീം വി വി	അംഗം
9	സലീം അറബി	അംഗം
10	കെ.കെ.അബ്ദുള്ള മാഷ്	അംഗം
11	ഷിഹാബ് എം	അംഗം
12	ഹാജറ സി	അംഗം
13	ഖദീശ എം	അംഗം
14	സുധീർ മാഷ്	അംഗം
15	സലിം പി എ	അംഗം

7. പട്ടികജാതി വികസനം

1	ബാലകൃഷ്ണൻ കെ (കൌൺസിലർ)	ചെയർമാൻ
2	രാശിര സുനിൽകുമാർ (കൌൺസിലർ)	ഉപാധ്യക്ഷൻ
3	സെക്രട്ടറി മലപ്പുറം നഗരസഭ	കൺവീനർ
4	നാരായണൻ പാച്ചത്ത് (കൌൺസിലർ)	അംഗം
5	സുലൈഖ	അംഗം
6	ജാഫർ അലി പി	അംഗം
7	ഖലീൽ കളപ്പാടൻ	അംഗം
8	മായ കെ പി	അംഗം
9	ഇംതിയാസ് അഹമ്മദ്	അംഗം
10	അസ്മാബി വി പി	അംഗം
11	സഫൂറ	അംഗം
12	ശാന്ദ്നി	അംഗം
13	ഇബ്രാഹിം	അംഗം
14	സൂപ്പി എൻ കെ	അംഗം
15	ഷംസുദ്ധീൻ തറയിൽ	അംഗം

8. വനിത വികസനം

1	ഷബ്ന ഉബൈദ് (കൌൺസിലർ)	ചെയർമാൻ
2	ഗീത മോഹൻ കെ വി (കൌൺസിലർ)	ഉപാധ്യക്ഷൻ
3	ഐ.സി.ഡി.എസ് സൂപ്പർവൈസർ	കൺവീനർ
4	മുഹമ്മദ് സദാദ് കാമ്പ്ര (കൌൺസിലർ)	അംഗം
5	ബാസിത്ത് നൂറേങ്ങൽ	അംഗം
6	നാരായണൻ കരിക്ക	അംഗം
7	റസീന സഫീർ	അംഗം
8	ഇഖ്ബാൽ സി	അംഗം
9	റഷീദ് ബാബു കെ	അംഗം
10	ഷക്കാഫ് കാരത്തൊടി	അംഗം
11	അമ്പിളി	അംഗം
12	ലത	അംഗം
13	വത്സല	അംഗം
14	അഷ്റഫ്	അംഗം
15	രത്നസിംഗ്	അംഗം

9. ആരോഗ്യം

1	ഷബ്ന മൻസൂർ പി കെ (കൌൺസിലർ)	ചെയർമാൻ
2	സിദ്ദീഖ് കെ (കൌൺസിലർ)	ഉപാധ്യക്ഷൻ
3	സൂപ്രണ്ട്, താലൂക്ക് ആശുപത്രി	കൺവീനർ
4	നജ്മാബി ഷെബീർ പി.എസ്.എ (കൌൺസിലർ)	അംഗം
5	റഹീഖ് പി കെ	അംഗം
6	മുജീബ് റഹ്മാൻ എം	അംഗം
7	മുഹമ്മദ് സാബിത്ത് സി	അംഗം
8	അബ്ദുൽ നാസർ നടുത്തൊടി	അംഗം
9	അനീഷ് ബാബു മടപ്പള്ളി	അംഗം
10	സമറിയ കറുത്തേടത്ത്	അംഗം
11	അബ്ദുൽ ഹമീദ്	അംഗം
12	മധുകുമാർ	അംഗം
13	സതീഷ് സി	അംഗം
14	റഹ്മത്തുള്ള തറയിൽ	അംഗം
15	മുഹമ്മദ് കാസിം	അംഗം

10. വിദ്യാഭ്യാസം (കലാ സംസ്കാരം, യുവജന ക്ഷേമം)

1	ഷിറിൻ ഇർഫാൻ (കൌൺസിലർ)	ചെയർമാൻ
2	ഷിഹാർ സി കെ (കൌൺസിലർ)	ഉപാധ്യക്ഷൻ
3	പ്രിൻസിപ്പാൾ ജി ജി എച്ച് എസ് എസ്	കൺവീനർ
4	ഉപ്പൂടൻ ഷൌക്കത്ത്	അംഗം
5	അബ്ദുൽ മനാഫ് എൻ കെ	അംഗം
6	നൌഫൽ പി എം	അംഗം
7	അഷ്റഫ് പി ടി	അംഗം
8	ഫസീല	അംഗം
9	നജീബ നടുത്തൊടി	അംഗം
10	മശ്!രിഫ	അംഗം
11	ജൈസാദ് ടി	അംഗം
12	സുരേഷ് മാസ്റ്റർ	അംഗം
13	മഹറുന്നീസ ചെറുതൊടി	അംഗം
14	സിനാൻ കെ	അംഗം
15	നൌഷിദ	അംഗം

11. പൊതുമരാമത്ത്, ഊർജ്ജം

1	ഹാരിസ് ആമിയൻ(കൌൺസിലർ)	ചെയർമാൻ
2	യമുന (കൌൺസിലർ)	ഉപാധ്യക്ഷൻ
3	മുനിസിപ്പൽ എഞ്ചിനീയർ	കൺവീനർ
